# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : എ.കെ.ഭരദ്വാജ് ഐ.എഫ്.എസ്.

വിഷയം:- വനംവകുപ്പ് - ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും പീഡനവും - പരാതി പരിഹാര കമ്മിറ്റി ഘടനയിൽ ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-

1. 27.09.2017-ലെ ഇതേ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 01.11.2010 ലെ 14505/ഡി3/2009/വനം നമ്പർ കത്ത്.

## ഉത്തരവ് നമ്പർ ഇ6-28827/2004 തീയതി: 09/01/2018.

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമവും പീഡനങ്ങളും സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന ബഹു: സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റേയും കേരള നിയമസഭയുടെ സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് സൂചന (1) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1. | ശ്രീമതി.സൂസൻഗോപി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം. | അദ്ധ്യക്ഷ |
| 2. | അഡ്വക്കേറ്റ് രാഖി രവികുമാർ, ഡെപ്യൂട്ടി മേയർ & കൗൺസിലർ, വഴുതക്കാട് വാർഡ്, തിരുവനന്തപുരം | മെംബർ |
| 3. | ശ്രീ.കെ.എൻ.ശ്യാംമോഹൻ ലാൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, വനംവകുപ്പാസ്ഥാനം, തിരുവനന്തപുരം. | മെംബർ |

| | | |
|---|---|---|
| 4. | ശ്രീമതി പി.കെ.ജയ, സീനിയർ സൂപ്രണ്ട്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം. | മെംബർ |
| 5. | ശ്രീമതി.എസ്. സുജയ, സീനിയർ ക്ലാർക്ക്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്(അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്), വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം. | മെംബർ |
| 6. | ശ്രീമതി സ്വാതി സുരേഷ്, ക്ലാർക്ക്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് (ഭരണം) വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | മെംബർ |

പ്രസ്തുത കമ്മിറ്റിയിലെ അംഗം ശ്രീമതി. പി.കെ.ജയ വനംവകുപ്പ് ആസ്ഥാന ഓഫീസിൽ നിന്നും സ്ഥലംമാറി പോയതിനാൽ പുതിയ അധ്യക്ഷയെ ഉൾപ്പെടുത്തി ടി കമ്മിറ്റി പുന:സംഘടിപ്പിക്കേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആയ എ.കെ.ഭരദ്വാജ് ഐ.എഫ്.എസ്. എന്ന ഞാൻ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1. | ശ്രീമതി. എൻ.മായ. ഐ.എഫ്.എസ്. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം. | അദ്ധ്യക്ഷ |
| 2. | അഡ്വക്കേറ്റ് രാഖി രവികുമാർ, ഡെപ്യൂട്ടി മേയർ & കൗൺസിലർ, വഴുതക്കാട് വാർഡ്, തിരുവനന്തപുരം | മെംബർ |

| | | |
|---|---|---|
| 3. | ശ്രീ.കെ.എൻ.ശ്യാംമോഹൻ ലാൽ<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ<br>(നോൺ കേഡർ), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) ടെ ഓഫീസ്,<br>വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം. | മെംബർ |
| 4. | ശ്രീമതി.സൂസൻഗോപി,<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | മെംബർ |
| 5. | ശ്രീമതി.എസ്. സുജയ, സീനിയർ ക്ലാർക്ക്<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ<br>(അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്)<br>ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | മെംബർ |
| 6. | ശ്രീമതി.സ്വാതി സുരേഷ്, സീനിയർ ക്ലാർക്ക്,<br>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് (ഭരണം),<br>വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | മെംബർ |

സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഈ കമ്മിറ്റിക്ക് കേരള വനം വകുപ്പിൽ ജോലി സ്ഥലത്ത് അതിക്രമമോ പീഡനങ്ങളോ നേരിടുന്ന വനിതകളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ സ്വതന്ത്രമായി അന്വേഷണങ്ങൾ നടത്തുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും, വകുപ്പ് മേധാവികൾക്ക് ടി വിഷയത്തിൽ അവശ്യം വേണ്ടുന്ന ശുപാർശ സമർപ്പിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**എ.കെ.ഭരദ്വാജ്, ഐ.എഫ്.എസ്.**
**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) &**
**ചീഫ് വൈൽഡ് ലൈഫ് വാർഡൻ**

**പകർപ്പ് :**

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
2. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
3. എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും.
4. കമ്മിറ്റി അംഗങ്ങൾക്ക്.
5. സ്റ്റോക്ക് ഫയൽ.